# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5473

24/05/2017 ൽ മറുപടിയ്ക്ക്

## ജനപഥം മാസിക

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ജോയി | ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) ജനപഥം മാസികയുടെ എത്ര കോപ്പികൾ പ്രതിമാസം അച്ചടിക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ ; | (എ) നിലവിൽ സമകാലിക ജനപഥം മാസികയുടെ 15,000 കോപ്പികൾ അച്ചടിക്കുന്നുണ്ട്. |
| (ബി) ജനപഥം മാസിക കേരളത്തിലെ എല്ലാ ഗ്രന്ഥ ശാലകൾക്കും വായനശാലകൾക്കും സൗജന്യമായി അയച്ചു കൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) ലൈബ്രറി കൗൺസിലിൽ രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ സഹിതം സൗജന്യ കോപ്പികൾക്ക് അപേക്ഷിച്ച എല്ലാ വായനശാലകൾക്കും സൗജന്യമായി ജനപഥം അയക്കുന്നുണ്ട്. |
| (സി) ജനപഥം മാസിക കേരളത്തിലെ ത്രിതല പഞ്ചായത്ത് അംഗങ്ങളുടെ വീട്ടുകളിലേക്ക് സൗജന്യമായി അയച്ചു കൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) സമകാലിക ജനപഥം മാസിക കേരളത്തിലെ ത്രിതല പഞ്ചായത്തുകൾക്ക് സൗജന്യമായി അയച്ചു കൊടുക്കുന്നുണ്ട്. ത്രിതല പഞ്ചായത്ത് അംഗങ്ങളുടെ വീട്ടുകളിലേക്ക് ജനപഥം സൗജന്യമായി നല്കുന്നത് സംബന്ധിച്ച് നിലവിൽ തീരുമാനമായിട്ടില്ല. |
| (ഡി) ജനപഥം മാസിക കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ? | (ഡി) സമകാലിക ജനപഥം കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്ക് ഡയറക്ടറേറ്റിൽ നിന്നും നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ വകുപ്പ് നടത്തുന്ന വിവിധ പരിപാടികളുടെ ഭാഗമായി വരിക്കാരെ ചേർക്കുന്നതിന് പ്രത്യേകം കൗണ്ടറുകൾ പ്രവർത്തിക്കാറുണ്ട്. പൊതുജനങ്ങളിലെത്തിക്കുന്നതിനായി പബ്ലിക് ലൈബ്രറികളിലും മാസിക നല്കുന്നുണ്ട്. ഈയിടെ വിവിധ ജില്ലകളിൽ സോഷ്യൽ മീഡിയ വഴി വരിക്കാരെ ചേർക്കുന്നതിനായി ശ്രമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ